കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് റൂറൽ ജില്ലയിൽ പോലീസ് പരിശോധനകൾ തുടരുന്നു. ശനി, ഞായർ ദിവസങ്ങളിൽ അത്യാവശ്യമുള്ളവർ മാത്രമാണ് പുറത്തിറങ്ങുന്നതെന്ന് ഉറപ്പു വരുത്താൻ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്കിൻറെ നേതൃത്വത്തിലുള്ള പോലിസ് സംഘം 24 മണിക്കൂറും നിരത്തിലുണ്ടായിരുന്നു. ആലുവ, പെരുമ്പാവൂർ , മൂവാറ്റുപുഴ, മുനമ്പം, പുത്തൻ കുരിശ് എന്നി സബ്ഡിവിഷനുകളിലെ 34 പോലീസ് സ്റ്റേഷൻ പരിധിയിലും ഉദ്യോഗസ്ഥർ സ്ക്വാഡുകളായി തിരിഞ്ഞ് എല്ലാ മേഖലകളിലും പരിശോധനടത്തി.ചടങ്ങുകളിലും മറ്റും നിയമങ്ങൾ ലംഘിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ പ്രത്യേക സ്ക്വാഡുകൾ രംഗത്തിറങ്ങി. കണ്ടയ്മെൻറു സോണുകളിൽ വഴികൾ അടച്ചു കെട്ടി. പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് ഉച്ചഭാഷണികളിലൂടെ അറിയിപ്പ് കൊടുത്തു കൊണ്ടിരിക്കുകയാണ്. നിയന്ത്രണങ്ങൾ ലംഘിച്ചതിന് 160 പേർക്കെതിരെ കേസെടുത്തു. 40 പേരെ അറസ്റ്റ് ചെയ്തു .22 വാഹനങ്ങൾ കണ്ടു കെട്ടി. മാസ്ക്ക് ധരിക്കാത്തതിന് 2250 പേർക്കെതിരെയും, സാമൂഹ്യ അകലം പാലിയ്ക്കാത്തതിന് 2035 പേർക്കെതിരെയും നടപടിയെടുത്തു.